# PADAYATTI MOOTHEDAN FAMILY TRUST.

കാലോചിതവും നൂതനവുമായ ചിന്തകൾ വഴി, പുരോഗമനപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട്, പരസ്നേഹത്തിലും സൗഹൃദത്തിലും വസിക്കുന്ന ഒരു ക്രിസ്തീയ കുടുംബ കൂട്ടായ്മയായി വളർന്ന് സമൂഹത്തിന് നന്മ ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി 1980 ജനുവരി 26-ാം തിയതി പടയാട്ടി മൂത്തേടൻ കുടുംബട്രസ്റ്റിന്റെ ഔദ്യോഗിക ഉദ്ഘാടനം മോൺ. തോമസ് മൂത്തേടൻ നിർവ്വഹിച്ചു. ശ്രീ. എം.ജെ. വർഗ്ഗീസ് പ്രസിഡണ്ടായ കമ്മിറ്റിയാണ് ട്രസ്റ്റിന്റെ ആദ്യകാല പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ട്രസ്റ്റിന് ചാലക്കുടി, പരിയാരം എന്നീ സ്ഥലങ്ങളിലും ശാഖകളുണ്ട്. മൂത്തേടൻ കുടുംബട്രസ്റ്റ് ചാലക്കുടി, പരിയാരം പ്രദേശങ്ങളിൽ ആരംഭിക്കുന്നതിന് മുൻകൈ എടുത്തത് കാലത്തെ അതിജീവിച്ച വൈദികശ്രേഷ്ഠനായ മോൺ. തോമസ് മൂത്തേടനാണ്.

കുടുംബാംഗങ്ങൾ തമ്മിലുള്ള പസ്പര സഹകരണം വർദ്ധിപ്പിക്കുക എന്ന പ്രാഥമിക കർത്തവ്യത്തിനപ്പുറം സാമൂഹിക പ്രതിബന്ധതയുള്ള ഒരു ട്രസ്റ്റ് എന്ന നിലയിൽ സമൂഹത്തിന് നന്മ ചെയ്യുവാൻ പടയാട്ടി മൂത്തേടൻ കുടുംബട്രസ്റ്റ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈയൊരു ലക്ഷ്യത്തെ മുന്നിൽ കണ്ടുകൊണ്ട് മുന്നേറുവാൻ ധാരാളം എൻഡോവ്മെന്റുകൾ ട്രസ്റ്റിന് മുതൽക്കൂട്ടായിട്ടുണ്ട്. പടയാട്ടി മൂത്തേടൻ കുടുംബയോഗത്തിന്റെ ആപ്തവാക്യം "നമ്മളാണ് - നമ്മുടേതാണ് - നമ്മൾ ഒന്നാണ്" എന്നതാണ്.

കുടുംബയോഗത്തിന്റെ പ്രഥമവും, പ്രധാനവുമായ ലക്ഷ്യം സമാധാനവും ഐക്യവുമാണ്. ശിഥിലമായ മനുഷ്യബന്ധങ്ങളും കുടുംബബന്ധങ്ങളും സ്നേഹത്തിൽ ഊട്ടി ഉറപ്പിച്ച് പരസ്പരം ബഹുമാനിക്കുന്ന പരസ്പരം സ്നേഹിക്കുന്ന ക്രൈസ്തവ കുടുംബ സമൂഹമായി വളരുക, ജീവിതത്തിൽ ഉന്നതവിജയം നേടുന്നവരെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുക, കുട്ടികൾക്കും മുതിർന്നവർക്കുമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും വേറിട്ടുനിന്ന് നിശബ്ദനായി സഹിക്കുന്ന മനുഷ്യന്റെ വേദനകൾ അകറ്റികൊണ്ട് അവരെക്കൂടി മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ സഹായിക്കുക മുതലായവ കുടുംബയോഗത്തിന്റെ പ്രധാന ഉദ്ദേശ്യങ്ങളാണ്.

പടയാട്ടി മൂത്തേടൻ കുടുംബട്രസ്റ്റിന്റെ ഇപ്പോഴത്തെ സാരഥ്യം വഹിക്കുന്നവർ താഴെ പറയുന്നവരാണ്.

| | | |
|---|---|---|
| 1. രക്ഷാധികാരി | - | റവ. ഫാ. ആന്റണി മൂത്തേടൻ |
| 2. ഉപ രക്ഷാധികാരി | - | 1. എം.ഒ. വർഗ്ഗീസ്, 2. എം.ഐ. ജോർജ്ജ് |
| 3. പ്രസിഡന്റ് | - | എം.പി. തോമസ് |
| 4. വൈസ് പ്രസിഡന്റ് | - | വില്യംസ് ആന്റണി |
| 5. സെക്രട്ടറി | - | എം.ടി. പോൾസൺ |
| 6. ജോയിന്റ് സെക്രട്ടറി | - | എം.ജെ. തോമസ് |
| 7. ട്രഷറർ | - | എം.പി. ആന്റോ |

**കൂടാതെ കമ്മറ്റി അംഗങ്ങൾ:-**

1. എം.ടി. ആന്റു
2. എം.വി. വിൽസൺ
3. എം.ഐ. ജോയ്
4. എം.കെ. വർഗ്ഗീസ്
5. എം.ടി. മാത്യു
6. എം.ഒ. സണ്ണി
7. ജെയ്മോൻ എം.എ.
8. ഡെന്നീസ് മൂത്തേടൻ
9. എം.എ. ജോസ്
10. എം.കെ. ജേക്കബ്
11. എം.പി. ജോർജ്ജ്
12. എം.ടി. വർഗ്ഗീസ്
13. ആന്റണി വില്യംസ്
14. പോൾ ജോയ് മൂത്തേടൻ